<u>പതിനാലാം കേരള നിയമസഭ</u>

<u>അഞ്ചാം സമ്മേളനം</u>

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5276</u> | <u>23/05/2017-ൽ മറുപടിയ്ക്ക്</u>

## ലൈഫ് മിഷൻ

| ചോദ്യം<br>ശ്രീ.ആർ. രാജേഷ് | | മറുപടി<br>ശ്രീ.കെ.റ്റി. ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ലൈഫ് മിഷന്റെ ഭാഗമായുള്ള ഭവനരഹിതരായ ആളുകളുടെ എണ്ണം കണക്കാക്കുന്നതിനുള്ള സർവ്വെ പ്രകാരം എത്ര ഭവനരഹിതരുണ്ടെന്ന കണക്ക് ജില്ലതിരിച്ച് വ്യക്തമാക്കുമോ; | (എ)<br>&<br>(ബി) | ഭൂമിയുള്ള ഭവനരഹിതർ, ഭൂമിയില്ലാത്ത ഭവനരഹിതർ എന്നിവ തരംതിരിച്ച് പദ്ധതിയുടെ ഭാഗമായി എല്ലാ ജില്ലകളിലും അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് കുടുംബശ്രീ സംവിധാനം ഉപയോഗിച്ച് സർവ്വേ നടത്തി. സർവ്വേ പൂർത്തീകരിച്ചതിനുശേഷമുള്ള വെരിഫിക്കേഷനും ഡാറ്റാ എൻട്രിയും അന്തിമഘട്ടത്തിലാണ്. തുടർന്ന് കരട് പട്ടിക പ്രസിദ്ധപ്പെടുത്തുകയും പഞ്ചായത്ത് തലത്തിലും ജില്ലാതലത്തിലും അപ്പീലുകൾ കേട്ടശേഷം തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ പട്ടിക അംഗീകരിച്ച് അന്തിമമാക്കുന്നതാണ്. കരട് പ്രസിദ്ധീകരിച്ച ശേഷം പരാതി പരിഹരിച്ച്, ബന്ധപ്പെട്ട പഞ്ചായത്ത്/നഗരസഭ പട്ടിക അംഗീകരിച്ച് പ്രസിദ്ധീകരിക്കുന്നതാണ്. ആയതിനുശേഷം മാത്രമേ യഥാർത്ഥ ഗുണഭോക്താക്കളുടെ എണ്ണം/വിവരങ്ങൾ ജില്ലതിരിച്ച് ലഭ്യമാകുകയുള്ളൂ. |
| (ബി) | ആലപ്പുഴ ജില്ലയിൽ എത്ര ഭവനരഹിതരുണ്ടെന്ന കണക്ക് നഗര / ഗ്രാമങ്ങൾ തിരിച്ച് ലഭ്യമാക്കാമോ; | | |
| (സി) | ലൈഫ് മിഷനിൽ ഉൾപ്പെടുത്തുന്നതിനായി മാവേലിക്കര മണ്ഡലത്തിൽ ലഭിച്ച അപേക്ഷകൾ എത്ര; പഞ്ചായത്ത് തിരിച്ച് വിശദമാക്കുമോ? | (സി) | ലൈഫിലെ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനായി അപേക്ഷ സ്വീകരിച്ചിരുന്നില്ല. എന്നാൽ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനായി കുടുംബശ്രീ മുഖേന സർവ്വേ നടത്തിയിട്ടുണ്ട്. സർവ്വേ പൂർത്തിയായെങ്കിലും അതിന്റെ വെരിഫിക്കേഷൻ പൂർത്തിയായിട്ടില്ല. വെരിഫിക്കേഷൻ നടത്തി കരട് പ്രസിദ്ധീകരിച്ച് ആക്ഷേപം കേട്ട ശേഷം പട്ടിക അന്തിമമാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ